

# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 9 Issue 8 Oct. 2023

Content

# ഉള്ളടക്കം


ലോക: സമസ്താ സുഖിനോ ഭവന്തു........................................ 01

ഫാർമസിസ്റ്റ് ദിനമാഘോഷിച്ച് ജൂബിലി ഫാർമസി........................... 03

ദേശീയ നേത്രദാന പക്ഷാചരണം ........................................ 04

ഫസ്റ്റ് എയ്ഡിന്റെ അടിസ്ഥാന കാര്യങ്ങൾ ................................ 06

ആത്മഹത്യ പ്രതിരോധദിനത്തിൽ ബോധവത്ക്കരണ ക്ലാസ്സ് ............ 07

ജൂബിലിയിൽ NABH സർവെലൻസ് അസസ്സ്മെന്റ് ........................ 08

നെഞ്ച് തുറന്നില്ല!!! സൂചി പുറത്ത്!!! ..................................... 09

സൗജന്യ മെഡിക്കൽ ക്യാമ്പ്................................................ 10

ജൂബിലി കുടുംബത്തിന്റെ ആനുവൽ ഹെൽത്ത് ചെക്കപ്പ് ............... 11

CONGRATULATIONS .................................................. 12

ഗുരുവന്ദനം ............................................................. 14

ഫാർമക്കോ വിജിലൻസ് വാരാചരണം ...................................... 15

നേത്രപരിശോധനാ ക്യാമ്പ് ................................................ 17

അൽഷിമേഴ്സ് ദിനാചരണം ................................................ 19

ഗാന്ധി സ്വാധീനം അന്നും ഇന്നും ......................................... 27

ആരോഗ്യമുള്ള ശരീരത്തിന് ആരോഗ്യമുള്ള ഭക്ഷണം...................... 29

കൊന്തയും കൊന്തമാസവും................................................ 32

സന്ധിരോഗങ്ങൾ – കുട്ടികളിൽ ........................................... 33

RESEARCH WINGS 20

21

Welcome TO JUBILEE FAMILY 18

നമുക്കിടയിൽ 31

DOCTOR'S CORNER 23



# ലോകാ: സമസ്താ സുഖിനോ ഭവന്തു

അഹിംസയിലൂടെയും സത്യത്തിലൂടെയും ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ച മഹാത്മാഗാന്ധിയുടെ ജൻമദിനത്തോടനുബന്ധിച്ചാണ് (ഒക്ടോബർ 2) അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുന്നത്. അക്രമരഹിത മാർഗ്ഗത്തിലൂടെ സമാധാനം സ്ഥാപിക്കണമെന്ന സന്ദേശം കേട്ട് ദിവസങ്ങൾ കഴിയും മുമ്പേ മൂന്നാമത്തെ 'ഇൻതിഫാദ'യെകുറിച്ച് മാധ്യമങ്ങളിൽ നിറഞ്ഞിരിക്കുന്നു. അഹിംസയും സത്യാഗ്രഹവും കൊണ്ട് നിറയേണ്ട ലോകത്തിൽ ഓപ്പറേഷൻ 'അൽ അക്സ ഫ്ളഡും', 'അയേൺ സ്വാർഡും' മുൻകൈ നേടിയിരിക്കുന്നു. അനീതിയും അക്രമവും നിറഞ്ഞ ഈ സാഹചര്യത്തിൽ അഹിംസയ്ക്ക് എന്ത് പ്രാധാന്യമാണുള്ളത്? മിസൈലുകൾക്കും ഇസ്രായേലിന്റെ 'അയേൺ സ്വാർഡിനും' മുന്നിൽ, 'മാനിഷാദ' യ്ക്ക് അർത്ഥമുണ്ടാകുമോ?

''ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു'' (ലൂക്കാ 1: 49) എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ദൈവത്തിൽ പരിപൂർണ്ണ സമർപ്പണം നടത്തിയ പരിശുദ്ധ അമ്മയെ

ഓർക്കുന്ന വിശുദ്ധ ദിനങ്ങൾ കൂടിയാണ് ഒക്ടോബർ മാസം. പരിശുദ്ധ അമ്മയുടെ മനോഹരമായ സ്തോത്രഗീതം അടിച്ചമർത്തപ്പെട്ടവരുടെ പ്രത്യാശാഗീതം കൂടിയാണ്. മറിയം പാടുന്നു: ''അവിടുത്തെ ഭക്തന്മാരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും; അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തൻമാരെ സിംഹാസനത്തിൽനിന്ന് മറിച്ചിട്ടു. എളിയവരെ ഉയർത്തി. വിശക്കുന്നവരെ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സംതൃപ്തരാക്കി. സമ്പന്നരെ വെറും കൈയ്യോടെ പറഞ്ഞയച്ചു'' (ലൂക്കാ 1:50–53).



തന്റെ ബലഹീനതയിൽ ശക്തനായ ദൈവം എന്റെ കൂടെയുണ്ട് എന്ന് ഉറക്കെ വിളിച്ചുപറയുന്ന, ദൈവത്തിന്റെ കരശക്തിയാൽ എല്ലാം എനിക്ക് സാധിക്കും എന്ന് ജീവിച്ചുകാട്ടിയ, ഒരു സ്ത്രീയുടെ ആത്മാവിഷ്ക്കാരമായിരുന്നു മറിയത്തിന്റെ സ്തോത്രഗീതം.

ശാന്തിയുടേയും അഹിംസയുടേയും ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ട ഈ സുദിനങ്ങളിൽ അശാന്തിയുടേയും അക്രമത്തിന്റേയും കരിനിഴൽ വീണിരിക്കുകയാണ്. ഈ കരിനിഴലുകൾക്കെതിരെ, തിന്മയുടെ ഈ ശക്തിക്കെതിരെ, നീതിയുടേയും പ്രാർത്ഥനയുടേയും ആയുധമായ ജപമാല നമുക്ക് കൈകളിലെടുക്കാം. പരിശുദ്ധ അമ്മയോട് ചേർന്ന് ലോകസമാധാനത്തിനുവേണ്ടി നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.സമാധാനത്തിന്റെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

**ഫാ. സിന്റോ കാരേപറമ്പൻ**
അസി. ഡയറക്ടർ








# ഫാർമസിസ്റ്റ് ദിനമാഘോഷിച്ച്

## ജൂബിലി ഫാർമസി

ജൂബിലി മിഷൻ ആശുപത്രിയിൽ ലോക ഫാർമസിസ്റ്റ് ദിനം ആചരിച്ചു. ലോകമെമ്പാടുമുള്ള ഫാർമസിസ്റ്റുകളെ ആദരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ലോക ഫാർമസിസ്റ്റ് ദിനം ആചരിക്കുന്നത്. 'ഫാർമസിസ്റ്റ് സ്ട്രങ്ങ്ത്തനിങ്ങ് ഹെൽത്ത് സിസ്റ്റം' എന്ന ആശയം പ്രചരിപ്പിച്ചുകൊണ്ടാണ് ഈ വർഷം ഫാർമസിസ്റ്റ് ദിനം ആചരിക്കുന്നത്. ജൂബിലി ഫാർമസി ഇൻചാർജ് സി. ജീസ് തെരേസിന്റെ നേതൃത്വത്തിലാണ് ഫാർമസിസ്റ്റ് ദിനാചരണം നടന്നത്. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസി. ഡയറക്ടർമാരായ ഫാ. തോമസ് പൂപ്പാടി, ഫാ. സിന്റോ കാരേപറമ്പൻ, നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ എന്നിവർ സന്നിഹിതരായിരുന്നു. വിവിധ കലാപരിപാടികളും ചടങ്ങിൽ ഉൾപ്പെടുത്തിയിരുന്നു.










# ദേശീയ നേത്രദാന പക്ഷാചരണം



എല്ലാ വർഷവും ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 8 വരെ നേത്രദാന പക്ഷാചരണമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സെപ്റ്റംബർ 4-ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് നേത്രരോഗവിഭാഗവും ലയൺസ് ക്ലബും സംയുക്തമായി ദേശീയ നേത്രദാന പക്ഷാചരണം സംഘടിപ്പിച്ചു. ചടങ്ങിൽ നേത്രരോഗവിഭാഗം ചീഫ് കൺസൾട്ടന്റ് ഡോ. സി. വി. ആൻഡ്രൂസ് സ്വാഗത പ്രസംഗം നടത്തി. ലയൺസ് ക്ലബ് ഓഫ് തൃശൂർ





പ്രസിഡണ്ട് ലയൺ പി. ഇ. കുറ്റിച്ചാക്കു അധ്യക്ഷനായിരുന്നു. നേത്രദാന പക്ഷാചരണത്തിന്റെ ഉദ്ഘാടനം ജൂബിലി മിഷൻ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ദീപം തെളിയിച്ചുകൊണ്ട് നിർവ്വഹിച്ചു. ലയൺസ് ക്ലബ് വൈസ് ഡിസ് ട്രിക്റ്റ് ഗവർണർ ലയൺ ജെയിംസ് വളപ്പില മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ പങ്കെടുത്തവർക്ക് ജൂബിലി മിഷൻ ഹോസ് പിറ്റൽ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നേത്രദാന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ലയൺസ് ക്ലബ് അംഗങ്ങളുടെ നേത്രദാന സമ്മതപത്രം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ് പിറ്റൽ ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അലക്സ് ജോസഫിന് കൈമാറി. നേത്രദാനത്തെക്കുറിച്ച് സാമൂഹിക അവ ബോധം സൃഷ്ടിക്കുന്നതിൽ നേഴ്സിങ്ങ് വിദ്യാർത്ഥികൾക്കുള്ള പങ്കിനെക്കുറിച്ച് ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംഗ് പ്രിൻസിപ്പൽ ഡോ. എയ്ഞ്ചല ജ്ഞാനദുരൈ സംസാരിച്ചു.



സെപ്റ്റംബർ 5 – അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് ലയൺസ് ക്ലബിന്റെ നേതൃത്വത്തിൽ അധ്യാപകരായ ഡോക്ടേഴ്സിനെ പൊന്നാടയണിയിച്ച് ആദരിച്ചു. നേത്രരോഗവിഭാഗത്തിലെ ഡോ. റോളണ്ട് ഗോഡ്‌ലി ചടങ്ങിൽ പങ്കെടുത്തവർക്ക് നന്ദി അറിയിച്ചു. തുടർന്നുള്ള ബോധവൽക്കരണ സെമിനാർ ഒഫ് താൽമോളജി റസിഡന്റ് (PG) ഡോ. ശ്രീമോൾ നയിച്ചു.





# ഫസ്റ്റ് എയ്ഡിന്റെ അടിസ്ഥാന കാര്യങ്ങൾ

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജും കൊടകര സഹൃദയ എഞ്ചിനീയറിംഗ് കോളേജും ചേർന്ന്, ബയോ-മെഡിക്കൽ എൻജിനീയറിംഗ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി 'ഫസ്റ്റ് എയ്ഡിന്റെ അടിസ്ഥാന കാര്യങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് വർക്ക്ഷോപ്പ് നടത്തി. 2023 സെപ്തംബർ 11, 12 തിയ്യതികളിലായി 100 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് പ്രോഗ്രാം നടത്തിയത്.

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റിലെ സീനിയർ റസിഡന്റ് ആയ ഡോ. തോംസൺ സി. ഡേവീസാണ് സെഷനുകൾ നയിച്ചത്. റസിഡന്റ് പി. ജി., ഡോ. നദാ പർവീണും ഡോ. നിമിഷ ബി. യും വിദ്യാർത്ഥികളെ സി. പി. ആർ. പഠിപ്പിക്കുന്നതിലും മാനികിൻ പ്രാക്ടീസ് നല്കുന്നതിലും സഹായിച്ചു.

ഫസ്റ്റ് എയ്ഡിന്റെ അടിസ്ഥാന ആശയങ്ങൾ, സി. പി. ആർ. പരിശീലനം, തിരഞ്ഞെടുത്ത സാഹചര്യങ്ങൾ, ഡെമോൺസ്ട്രേഷൻ എന്നിവ ഉൾപ്പെടുന്നതായിരുന്നു വർക്ക്ഷോപ്പ്. സഹൃദയ കോളേജ് ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി മിനു സി. ഡേവീസിനൊപ്പം ഡിപ്പാർട്ട്മെന്റ് മേധാവി ജിസ്പോൾ ആണ് പരിപാടി സംഘടിപ്പിച്ചത്.












# ആത്മഹത്യ പ്രതിരോധദിനത്തിൽ ബോധവത്ക്കരണ ക്ലാസ്സ്

ആത്മഹത്യ പ്രതിരോധദിനത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. 'പ്രത്യാശ പ്രവൃത്തിയിലൂടെ' എന്ന മുദ്രാവാക്യം ആസ്പദമാക്കി സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. മേനോൻ ഗിരീഷ് ക്ലാസ്സ് നയിച്ചു. ആത്മഹത്യാ പ്രവണത സ്വയം മനസ്സിലാക്കാനും മറ്റുള്ളവരിലുള്ള ആത്മഹത്യാപ്രവണത മനസ്സിലാക്കി പിൻതിരിപ്പിക്കാൻ വേണ്ട മുൻകരുതലുകൾ എടുക്കാനും ഈ ക്ലാസ്സുകൾ ഉപകാരപ്പെടും എന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പ്രത്യാശിച്ചു. സൈക്യാട്രി വിഭാഗം മേധാവി ഡോ. നീതി വത്സൻ സ്വാഗതം ആശംസിച്ചു. വൈസ് പ്രിൻസിപ്പൽ ഡോ. കെ. പത്മകുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ്, ക്ലിനിക്കൽ സൈക്കോളജി പ്രൊഫസർ ഡോ. മോൺസി എഡ്വേഡ്, സൈക്കോളജി അസി. പ്രൊഫസർ ഡോ. ഫാ. ദേവ് അഗസ്റ്റിൻ അക്കര എന്നിവർ പ്രസംഗിച്ചു.

# ജൂബിലിയിൽ NABH സർവെലൻസ് അസസ്സ്മെന്റ്





ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് & ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (NABH) ന്റെ സർവെലൻസ് അസസ്സ്മെന്റ് പൂർത്തിയാക്കി. 2023 ആഗസ്റ്റ് 18, 19, 20 തിയ്യതികളിൽ നടന്ന അസസ്മെന്റ് ഡോ. ക്രിസ്റ്റഫർ സുധാകർ (പ്രിൻസിപ്പൽ അസ്സസർ) ന്റെ നേതൃത്വത്തിലായിരുന്നു. ഡോ. പർവീൻകുമാർ മോങ്ക, ഡോ. ഹേമ പ്രകാശ് എന്നിവരായിരുന്നു മറ്റു അസസ്സേർസ്. മൂന്നു ദിവസം നീണ്ടു നിന്ന അസസ്സ്മെന്റിന്റെ ക്ലോസിങ്ങ് മീറ്റിങ്ങ് 20-ാം തിയ്യതി ഞായറാഴ്ച ന്യൂ സി. സി. എം. ഹാളിൽ വച്ച് നടന്നു. ക്വാളിറ്റി, ഒ. ബി. ജി., സി. എസ്. എസ്. ഡി., ബയോമെഡിക്കൽ, എഞ്ചിനീയറിങ്ങ്, എം. ആർ. ഐ., കാർഡിയാക് സർജറി യൂണിറ്റ് എന്നീ ഡിപ്പാർട്ട്മെന്റുകളുടെ മികവുറ്റ പ്രവർത്തനത്തെപ്പറ്റി, മീറ്റിങ്ങിൽ അസസ്സേർസ് പ്രത്യേകം പരാമർശിച്ചു.

ക്വാളിറ്റി കോഡിനേറ്റർ ഫാ. തോമസ് പൂപ്പാടിയുടെ നേതൃത്വത്തിൽ, ജൂബിലി ക്വാളിറ്റി മാനേജർ ഡോ. നിമിഷ സോളമൻ അസസ്സ്മെന്റിനു മുമ്പായി എല്ലാ ഡിപ്പാർട്ടുമെന്റുകളിലും NABH പ്രീ അസസ്സ്മെന്റ് ഓഡിറ്റ് നടത്തിയിരുന്നു. ഡോ. ചെറിഷ് പോൾ, ശ്രീമതി ഷെനി ജോസ്, ശ്രീ. പ്രവീൺ ജോർജ്, ഡോ. കുരിയൻ ആലപ്പാട്ട്, ശ്രീമതി ജീജ ജോസ്, ശ്രീമതി നിത്യ സാനി, ഡോ. രവി ടി. ആർ., ഡോ. ചിത്ര വൽസൻ, സി. ലീമാ റോസ് എന്നിവർ NABH അസസ്മെന്റിൽ ബഡി ടീമായി പ്രവർത്തിച്ചു. ജൂബിലി മിഷൻ ഹോസ്പിറ്റലിലെ എല്ലാ ജീവനക്കാരുംതന്നെ NABH അസസ്മെന്റിനായി നന്നായി ഒരുങ്ങുകയും ഉത്സാഹിക്കുകയും ചെയ്തു.



# നെഞ്ച് തുറന്നില്ല!!!
# സൂചി പുറത്ത്!!!

വസ്ത്രത്തിൽ കുത്താനുള്ള സൂചി വായിൽ കടിച്ചു പിടിച്ചു സംസാരിക്കുന്നതിനിടെ അകത്തുപോയി വിദ്യാർത്ഥി യുടെ ശ്വാസകോശത്തിൽ കുടുങ്ങിയ സൂചി ഒരു മണിക്കൂർ നീണ്ട എൻഡോസ്കോപ്പിയിലൂടെ പുറത്തെടുത്തു. ശ്വാസകോ ശത്തിൽ അറ്റത്തേക്കു നീങ്ങിയ നിലയിലായിരുന്നു സൂചി.

കരുവന്നൂർ സ്വദേശിയായ പതിനാറുകാരിയുടെ ശ്വാസ കോശത്തിലാണു സൂചി കുടുങ്ങിയത്. വസ്ത്രത്തിൽ കുത്താ നുള്ള സൂചി കടിച്ചുപിടിച്ച് മറ്റൊരു സൂചി കുത്തുകയായിരുന്നു വിദ്യാർത്ഥി. ഇതിനൊപ്പം കൂട്ടുകാരുമായി സംസാരിക്കുന്നുമു ണ്ടായിരുന്നു. ഇതിനിടെയാണ് സൂചി ഇറങ്ങിപ്പോയത്. സ്കൂൾ അധികൃതർ ഉടൻതന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചു. അവിടെനിന്ന് ജൂബിലി ആശുപത്രിയിലേയ്ക്ക് നിർദ്ദേശിച്ചു. സ്കാനിങ്ങിനു വിധേയമാക്കിയപ്പോൾ സൂചി കണ്ടെത്തി. മുന യുള്ള ഭാഗം മുകളിലേക്കായാണ് സൂചി കിടക്കുന്നത് എന്നതി നാൽ എൻഡോസ്കോപ്പിയിലൂടെ പുറത്തെടുക്കാൻ കഴിയു മെന്നു ഉറപ്പില്ലായിരുന്നു. എന്നാൽ, ഒപ്റ്റിക്കൽ ഫോർസെ പ്സ് ഉപയോഗിച്ചു നടത്തിയ ശ്രമം വിജയിച്ചു. അല്ലായിരുന്നെ ങ്കിൽ നെഞ്ചു തുറന്നുള്ള സങ്കീർണമായ ശസ്ത്രക്രിയ തന്നെ വേണ്ടിവരുമായിരുന്നു. ഇ. എൻ. ടി. ഡോ. എ. ടി. ഇഹ്സാൻ ആണു ശസ്ത്രക്രിയ നടത്തിയത്. ഇ. എൻ. ടി. റസിഡന്റ് (P. G.) ഡോ. നികിത മറിയം ജോൺ, അനസ്തെറ്റിസ്റ്റ് ഡോ. സ്മിത തോമസ് എന്നിവരും ഒപ്പമുണ്ടായിരുന്നു.



# സൗജന്യ മെഡിക്കൽ ക്യാമ്പ്

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെയും പുല്ലംകണ്ടം സെന്റ് ജോർജ്ജ് ചർച്ചിന്റെയും സഹകരണത്തോടെ ഫാ. സിന്റോ കാരേപറമ്പന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 10 ഞായറാഴ്ച സൗജന്യ മെഡിക്കൽ ക്യാമ്പും രക്തദാന ക്യാമ്പും നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ, ഒഫ്താൽമോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ നടത്തിയ ക്യാമ്പിൽ 146 പേർ പങ്കെടുത്തു. 43 പേർ രക്തം ദാനം ചെയ്യുകയും ചെയ്തു.







# ജൂബിലി കുടുംബത്തിന്റെ ആനുവൽ ഹെൽത്ത് ചെക്കപ്പ്









ജൂബിലി കുടുംബത്തിന്റെ ആരോഗ്യസുരക്ഷക്കായി വർഷം തോറും നടത്തിവരുന്ന ആനുവൽ ഹെൽത്ത് ചെക്കപ്പ് ഈ വർഷം സെപ്റ്റംബർ 4 മുതൽ 30 വരെ മെഡിക്കൽ കോളേജ് ബ്ലോക്കിൽ വച്ചു നടന്നു. ജോലിക്കാരുടെ സുരക്ഷാ മുൻകരുതലിനാവശ്യമായ പരിശോധനകളും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ സ്തന പരിശോധനയും JCMRന്റെ നേതൃത്വത്തിൽ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കായി ചില ടെസ്റ്റുകളും വാക്സിനുകളും ലഭ്യമാക്കിക്കൊണ്ട് കൃത്യമായ ആസൂത്രണത്തോടെ നടത്തിയ ക്യാമ്പിൽ 58.5% ഡോക്ടർമാരും 98.5% മറ്റു ജീവനക്കാരുമുൾപ്പെടെ 90.4% ജൂബിലിയൻസ് പങ്കെടുത്തു.

# Congratulations



ഇന്ത്യൻ കോളേജ് ഓഫ് ഒബ്സ്റ്റട്രിഷൻ ആൻഡ് ഗൈനക്കോളജിസ്റ്റ് (ICOG)യുടെ ഗവേണിംഗ് കൗൺസിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ജൂബിലി മിഷനിലെ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി പ്രൊഫസർ ഡോ. അശ്വത്ത് കുമാറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



കൊല്ലത്തുവച്ച് നടന്ന കേരള സ്റ്റേറ്റ് ഇ. എൻ. ടി. കോൺഫറൻസിൽ (KENTCON) ഒറിജിനൽ റിസർച്ച് പേപ്പർ കോമ്പറ്റിഷനിൽ 'എഫക്ടീവ്നസ് ഓഫ് പൾസ് സ്റ്റെറോയ്ഡ് തെറാപ്പി ഇൻ ഇഡിയോപതിക് എസ്.എസ്.എൻ.എച്ച്.എൽ. – എ പ്രോസ്പെക്ടീവ് സ്റ്റഡി' എന്ന തലക്കെട്ടിലുള്ള പ്രബന്ധത്തിന് രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഇ. എൻ. ടി. വിഭാഗം പ്രൊഫസർ ഡോ. ഇഹ്സാൻ എ. ടി. ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



കേരള സംസ്ഥാന ഇ. എൻ. ടി. കോൺഫറൻസിൽ (KENTCON 2023) പി. ജി. പേപ്പർ പ്രസന്റേഷനിൽ 'കളർ V/s ബ്ലാക്ക് ആൻഡ് വൈറ്റ് – ഇൻ സി. എസ്. എഫ്. ലീക്ക് റിപ്പയർ' എന്ന വിഷയത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ഇ. എൻ. ടി. റസിഡന്റ് പി. ജി. ഡോ. നികിത മറിയം ജോണിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

ക്രിസ്റ്റ്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CMAI) ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി, ദേശീയതല പരീക്ഷയിൽ ഒന്നാം റാങ്കും രണ്ടാം റാങ്കും കരസ്ഥമാക്കിയ സ്വാലിഹയ്ക്കും സിത്താരയ്ക്കും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.









കോയമ്പത്തൂരിലെ പി. എസ്. ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ചിൽ വച്ച് നടന്ന ഇന്റർ കൊളീജിയേറ്റ് നാഷണൽ ലെവൽ മെഡിക്കൽ കോൺഫറൻസായ ആക്സൺ 2023ൽ പത്തോളജി ഡിപ്പാർട്ട്മെന്റിലെ സീനിയർ റസിഡന്റ് ഡോ. സ്മൃതി വിജയന്റെ നേതൃത്വത്തിൽ 'Unveiling the deceptive veil : Renal Actinomylosis - A rare diagnosis concealing as malignancy' എന്ന വിഷയത്തിൽ പോസ്റ്റർ കോമ്പറ്റീഷനിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ജസ്സൽ മാത്യുവിന് (17-ാം ബാച്ച് എം. ബി. ബി. എസ്.) ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

---









സാക്രമികേതര രോഗങ്ങളിൽ രോഗികൾക്ക് നിഷ്കർഷിക്കുന്ന ഔഷധങ്ങൾ യഥാർത്ഥ അളവിൽ ഉപയോഗിക്കുന്നുണ്ടോ എന്നറിയാനുള്ള ഇന്ത്യയിൽ ഉപയോഗിക്കാവുന്ന ഒരു Medication Adherance Tool വികസിപ്പിക്കുന്നതിനു കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ. ജോ തോമസ് നേതൃത്വം നൽകുന്ന ഗവേഷക സംഘത്തിന് ICMR ഒരു കോടി നാലു ലക്ഷം രൂപ അനുവദിച്ചു. ഡോ. മരിയ ജോസ് (ഫർമക്കോളജി), ഡോ. പ്രിയങ്ക രാജ്മോഹൻ (കമ്മ്യൂണിറ്റി മെഡിസിൻ), ഡോ. പ്രവീൺലാൽ കുറ്റിച്ചിറ (പ്രിൻസിപ്പൽ) എന്നിവരാണ് മറ്റു ഗവേഷകർ.

ഇന്ത്യയിൽ ആദ്യമായി നടത്തുന്ന ഈ പഠനത്തിൽ AIIMS ന്യൂ ഡൽഹി, ആസ്സാം മെഡിക്കൽ കോളേജ് ഡിബ്രുഗർ, KEM ഹോസ്പിറ്റൽ റിസർച്ച് സെന്റർ, പൂനെ എന്നിവിടങ്ങളിലെ ഗവേഷക സംഘത്തെ ജൂബിലി നയിക്കും. മറ്റു മൂന്നു കേന്ദ്രങ്ങൾക്കും സാമ്പത്തിക സഹായം വ്യത്യസ്ത തോതിൽ അനുവദിച്ചിട്ടുണ്ട്.

മൂന്നു വർഷം നീണ്ടു നിൽക്കുന്ന പഠനം പ്രധാന കേന്ദ്രമായ ജൂബിലി മിഷനിൽ ഒക്ടോബർ 4 ന് തുടക്കമായി. പ്രമേഹം, രക്ത അധിസമ്മർദ്ദം, ഹൃദ്രോഗം, COPD, ബ്രോങ്കിയൽ ആസ്തമ എന്നിവയിലാണ് ഔഷധങ്ങളുടെ ഉപയോഗം വിലയിരുത്തുന്ന ഈ ഗവേഷണം തുടക്കമിടുന്നത്.



# സ്നേഹസംഗമത്തിൽ ഗുരുവന്ദനം



സെപ്റ്റംബർ 5 അദ്ധ്യാപകദിനത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ദീർഘനാൾ സേവനമനുഷ്ഠിച്ച് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽനിന്നു വിരമിച്ച ഡോക്ടർമാരെ ആദരിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ തിരി തെളിച്ചുകൊണ്ട് സ്നേഹസംഗമം ഉദ്ഘാടനം ചെയ്തു. ഡോ. അണ്ണാമലൈ (ബയോകെമിസ്ടി), ഡോ. രാംകുമാർ (പാത്തോളജി), ഡോ. ജോർജ്ജ് (കമ്മ്യൂണിറ്റി മെഡിസിൻ), ഡോ. ദേവി പിഷാരടി (കമ്മ്യൂണിറ്റി മെഡിസിൻ), ഡോ. തമ്പി ജോൺ മാഞ്ഞൂരാൻ (ഇ. എൻ. ടി.), ഡോ. മോഹൻ (മെഡിസിൻ), ഡോ. ജെയിംസ് ആന്റണി (സൈക്യാട്രി), ഡോ. വാറുണ്ണി (സൈക്യാട്രി) എന്നിവരെ ഉപഹാരം നൽകി ആദരിച്ചു. വിരമിച്ചതിന് ശേഷവും ജൂബിലിയിൽ സേവനം തുടരുന്ന ഡോ. അലക്സ് ജോസഫ് (ചീഫ് ഓഫ് മെഡിക്കൽ സർവീസസ്), ഡോ. സുശീല ജേക്കബ് ഇന്ന (ചീഫ് ഓഫ് ലബോറട്ടറി സർവീസസ്), ഡോ. സി. വി. ആൻഡ്രൂസ് (ചീഫ് കോ-ഓർഡിനേറ്റർ - QAS/ NAAC) എന്നിവരെയും യോഗത്തിൽ പ്രത്യേകം ആദരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അലുമിനി അസോസിയേഷൻ പ്രസിഡന്റ് ഡോ. അരുൺ കെ. വി.യും ഫസ്റ്റ് ബാച്ച് അലുമിനി ആയ ഡോ. ധഹ്സീനയും അദ്ധ്യാപകരെക്കുറിച്ചുള്ള അവരുടെ ഓർമ്മകൾ പങ്കുവച്ചു. ഡോ. നിത്യ എം. ബൈജു സ്വാഗതവും ഡോ. ശിൽപ നാരായണൻ ആശംസകളും ഡോ. ലിഞ്ജു ജോയ് നന്ദിപ്രകടനവും നടത്തി. യോഗത്തിൽ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, വൈസ് പ്രിൻസിപ്പൽ ഡോ. പത്മകുമാർ, കോളേജ് കൗൺസിൽ അംഗങ്ങൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് അംഗങ്ങൾ, സ്റ്റുഡന്റ്സ് യൂണിയൻ പ്രതിനിധികൾ, മറ്റ് അലുമിനി ഡോക്ടേഴ്സ് എന്നിവർ പങ്കെടുത്തു.



# ഫാർമക്കോ വിജിലൻസ് വാരാചരണം

BOOSTING PUBLIC CONFIDENCE IN PHARMACOVIGILANCE

2023 ഫാർമക്കോ വിജിലൻസ് വാരത്തിന്റെ ഭാഗമായി ഫാർമക്കോളജി ഡിപ്പാർട്ട്മെന്റും എ. ഡി. ആർ. മോണിറ്ററിങ്ങ് സെന്ററും ചേർന്ന് വിവിധ പരിപാടികൾ നടത്തി.

സെപ്റ്റംബർ 17 മുതൽ 23 വരെയുള്ള വാരാചരണ കാര്യ പരിപാടികൾക്ക് എച്ച്. ഒ. ഡി. ഡോ. എൽസി എം. ഐ. യും എ. ഡി. ആർ. മോണിറ്ററിംഗ് സെന്റർ കോ- ഓർഡിനേറ്റർ ഡോ. മരിയ ജോസും നേതൃത്വം നൽകി. ഈ വർഷത്തെ പ്രതിപാദം, "Boosting public confidence in Pharmacovigilance" എന്നായിരുന്നു. രോഗികൾക്കും ഹോസ്പിറ്റൽ ഫാർമസികളിലും ഐ. പി. വാർഡിലും പാംലറ്റുകളും പോസ്റ്ററുകളും വിതരണം ചെയ്തുകൊണ്ടായിരുന്നു തുടക്കം കുറിച്ചത്. പിന്നീട് ഡോക്ടർമാരെയും എം. ബി. ബി. എസ്. വിദ്യാർത്ഥികളെയും നേഴ്സുമാരെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള വിവിധ ക്ലാസുകളും നടത്തി.

ഇതിനു പുറമേ ഫാർമക്കോളജി ഡിപ്പാർട്ട്മെന്റ് സെവൻത് ഡേ അഡ്വന്റിസ്റ്റ് സ്കൂളിലെ 11-ാം ക്ലാസ് വിദ്യാർത്ഥികൾക്കായി ഒരു ബോധവൽക്കരണ ക്ലാസും നടത്തി. യുവതലമുറയെ മെഡിക്കേഷൻ സേഫ്റ്റിയുടെയും മരുന്നുകളുടെ പാർശ്വഫല







ങ്ങളുടെ റിപ്പോർട്ടിങ്ങിനെപറ്റിയും കൂടുതൽ മനസ്സിലാക്കാൻ ഇതിലൂടെ സാധിച്ചു.

റിഫ്ളക്ടീവ് റൈറ്റിങ്ങ് കോമ്പറ്റീഷനിൽ കാറ്റഗറി ഒന്നിൽ പീഡിയാട്രിക്സ് ഡിപ്പാർട്ട്മെന്റ് പ്രൊഫസർ ഡോ. രതി ശാന്തകുമാർ ഒന്നാം സമ്മാനവും എമർജൻസി മെഡിസിൻ സീനിയർ റസിഡന്റ് ഡോ. ഡിയോ മാത്യു രണ്ടാം സമ്മാനവും കരസ്ഥമാക്കി. സെക്കൻഡ് കാറ്റഗറിയിൽ ഫാർമസിസ്റ്റുമാരായ ആതിര ടോമിയും ലിനമോൾ കെ. ലിൻസനും ആയിരുന്നു ജേതാക്കൾ. പൊതു അവബോധം സൃഷ്ടിക്കാൻ റീൽസും സോഷ്യൽ മീഡിയയും വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അത് മുൻനിർത്തി നടത്തിയ റീൽസ് കോമ്പറ്റീഷൻ വളരെ മികച്ച നിലവാരം നിലനിർത്തി. MBBS 19-ാം ബാച്ചിലെ ദിയ, അഞ്ജന ബാബു, ഫാഹിദ, ഗിൽഡ എന്നീ എം. ബി. ബി. എസ്. വിദ്യാർത്ഥികൾ ഒന്നാം സ്ഥാനവും MBBS 17-ാം ബാച്ചിലെ സാരംഗി മധു, സ്നേഹ രാജു, സ്നേഹ ഷാജി, ശ്വേത സന്തോഷ്, സനിഗ സജി എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. സെപ്റ്റംബർ 23ന് നടന്ന അനുമോദന ചടങ്ങിൽ എച്ച്. ഒ. ഡി. ഡോ. എൽസി എം. ഐ. സ്വാഗത പ്രസംഗവും ഡോ. മരിയ ജോസ് റിപ്പോർട്ട് അവതരണവും നടത്തി. വൈസ് പ്രിൻസിപ്പൽ ഡോ. പത്മകുമാർ സമ്മാനദാനനിർവഹണവും തുടർന്ന് ഫാർമക്കോളജി ഡിപ്പാർട്ട്മെന്റ് പ്രൊഫസർ ഡോ. റാഫേൽ നന്ദി പ്രഭാഷണവും നടത്തി.



# നേത്ര പരിശോധന ക്യാമ്പ്





2023 സെപ്തംബർ ഇരുപത്തിനാലാം തിയതി രാവിലെ 9 മുതൽ പള്ളിക്കുന്ന് അസംപ്ഷൻ ചർച്ചിൽ ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സഹകരണത്തോടെ ഉച്ചയ്ക്ക് 1 മണി വരെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങുകൾ അസംപ്ഷൻ പള്ളി വികാരി ഫാ. ജെയ്സൺ കൂനംപ്ലാക്കൽ നിർവഹിച്ചു. 91 രോഗികളെ പരിശോധിച്ചു, 38 രോഗികളെ വിശദമായ പരിശോധനയ്ക്കായി ജൂബിലി മിഷൻ ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തു. തിമിര ശസ്ത്രക്രിയയ്ക്കായി 7 രോഗികളെ താൽക്കാലികമായി തിരഞ്ഞെടുത്തു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അർഹരായ രോഗികൾക്ക് സൗജന്യ മരുന്നുകൾ വിതരണം ചെയ്തു.



# Welcome
## TO JUBILEE FAMILY

| | |
|---|---|
| Dr. Renu Anna Johnson | Physical Medicine & Rehabilitation |
| Dr. Devina Dinesh | Obstetrics & Gynaecology |
| Dr. Sumna V M | MC Community Medicine |
| Dr. Nancy Maria | Emergency Medicine |
| Dr. Archana S | MC Physiology |
| Dr. Midhun C R | MC Pharmacology |
| Dr. Krishnanand K | Pulmonology |
| Dr. Divya Ambooken | ENT |
| Dr. Joe Jacob | Orthopaedics |
| Dr. Anjali C V | MC Pathology |
| Dr. Mohith Mathew | General Surgery |
| Dr. Anuja George | MC Microbiology |
| Dr. Vishnu Gopal | Anaesthesia |
| Dr. Sahala V S | Ophthalmology |
| Dr. Bivin Joseph | Paediatrics |
| Dr. Aryadevi A S | Anaesthesia |
| Dr. Janet Vincent | MC Pathology |
| Dr. Merin Mary Francis | MC Biochemistry |
| Dr. Kevin K Joseph | MC Biochemistry |
| Dr. Peeli Unnikrishnan | Ayurveda |
| Dr. Aswathy V J | MC Biochemistry |
| Dr. Diya Biju | Critical Care Medicine |
| Dr. Aneena Annie Moncy | General Surgery |
| Dr. Pranav Pradeep | Paediatrics |
| Dr. Aby Joseph | General Surgery |
| Dr. Riyamol Ronald | Emergency Medicine |
| Dr. Merlin Martin | Cardiology |
| Dr. Sivakanth Gopakumar | MC Pharmacology |
| Dr. Anupama N | Plastic Surgery |
| Dr. Liz Tony | Emergency Medicine |
| Mrs. Rose Mary | Insurance Office |
| Mrs. Sreesha P M | Insurance Office |
| Ms. Prajeesha K | Insurance Office |
| Mrs. Athira T C | Insurance Office |
| Ms. Anu Jaymon | Radiology |
| Mrs. Ancy Geo | Radiology |
| Mrs. Ambili Bose | Medical Records |
| Mrs. Jomariya Joseph | Medical Records |
| Mrs. Ashly Varghese | Auxiliary Nursing |
| Mrs. Mini Thomas | Auxiliary Nursing |
| Mrs. Jismy P J | Auxiliary Nursing |
| Mrs. Sincy P S | Auxiliary Nursing |
| Ms. Adheena Shaju | Auxiliary Nursing |
| Ms. Jincy P D | Medical Records |

## NURSING

Ms. Juby Johnson
Ms. Meghana M S
Ms. Rosemol Martin
Mrs. Aveena Andrews P
Mrs. Nancy Alex
Sr. Sincy Albert
MS. Smiji Raju
Ms. Jishin Johnson
Ms. Shilpa Benny
Mrs. Rainy V Johny
Ms. Sona Biju
Ms. Anjana Vinson K
Ms. Gloriya Sunny
Ms. Sreelakshmi V S
Mrs. Sibi M V
Ms. Dhanumi Santhosh
Mrs. Mary Saliga P R
Mrs. Diana K P
Ms. Joise Doy
Mrs. Lissy I J
Mrs. Dhanisha Varghese
Mrs. Neethu Rappai
Ms. Dincy Kurian E
Ms. Dhayamol Baby
Ms. Desli T B
Ms. Diya Mary
Ms. Alfeena Anto
Ms. Sona P R
Ms. Riya C I
Ms. Francina T V
Mrs. Rinkumol K O
Ms. Sanu C J
Ms. Steffi Francis
Ms. Arpitha Babu
Ms. Anitt Mariya Anto
Ms. Aleena Peus
Ms. Anjana Varghese
Ms. Sinta Maria P X
Ms. Geeva George
Ms. Sneha Simon T
Mrs. Riya Shaji
Mrs. Anshy Antony
Mrs. Rincy A S
Ms. Maria Rose P S
Ms. Ashna V O
Ms. Anjusha Jose
Ms. Aneetta Jose

# അൽഷിമേഴ്സ് ദിനാചരണം



Dr. Fiju Chacko



Dr. Fr. Dave Augustine Akkara



Dr. Siju Jose Koonan



Dr. Dileep Vijayan



അൽഷിമേഴ്സ് അസുഖത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനും രോഗത്തെക്കുറിച്ച് ജാഗ്രത വളർത്തുന്നതിനും വേണ്ടി ലോക അൽഷിമേഴ്സ് ദിനമായ സെപ്റ്റംബർ 23ന് ജെ. സി. എം. ആർ. വിവിധ ശാസ്ത്ര സംഭാഷണങ്ങൾ ആസൂത്രണം ചെയ്തു. നൂറോളം പേർ പങ്കെടുത്ത ഈ പരിപാടിയിൽ ഡോ. ഫിജു ചാക്കോ, ന്യൂറോളജി ഡിപ്പാർട്ട്മെന്റ്, ഡോ. സിജു ജോസ്, ഡിപ്പാർട്ട്മെന്റ് ഓഫ് ജനറൽ മെഡിസിൻ, ഡോ. ഫാ. ദേവ് അഗസ്റ്റ്യൻ അക്കര, ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രി, ഡോ. ദിലീപ് വിജയൻ, ജെ. സി. എം. ആർ. എന്നിവർ അൽഷിമേഴ്സ് എന്ന അസുഖത്തിന്റെ രോഗനിർണയം, ചികിൽസ, മരുന്നുകൾ, ശുശ്രൂഷ, ലക്ഷണങ്ങൾ എന്നിവയെപറ്റി സംസാരിച്ചു. ഡോ. പി. ആർ. വർഗ്ഗീസ്, റിസർച്ച് കോഡിനേറ്റർ, ഡോ. മാത്യു ജോൺ എന്നിവർ യഥാക്രമം ആമുഖ പ്രഭാഷണവും നന്ദി പ്രഭാഷണവും നടത്തി. ജൂബിലിയിലെ വിവിധ ഡിപ്പാർട്ട്മെന്റിൽനിന്നുള്ള ഡോക്ടർമാർ, നഴ്സിങ്ങ് കോളേജിലെ വിദ്യാർത്ഥികൾ, റിസർച്ച് സ്കോളേഴ്സ് എന്നിവർ പങ്കെടുത്തു. ഡോ. ആൻഡ്രൂസ്, ഡോ.സാലി എന്നിവർ ചർച്ചയുടെ ഭാഗമായി.



RESEARCH WINGS

# JOURNAL CLUB








JCMR conducted the 64th journal club on 29th September, 2023 at New CCM Hall. The speaker on the occasion was Dr. Anusha Abraham, Assistant Professor, Dept. of Anatomy. The topic was 'The bronchial segmentation and its anatomical variations - A clinical anatomic and bronchoscopic study' published in Annals of Anatomy Vol. 235, year 2021. During the presentation the speaker had explained the importance of bronchial segmentation and bronchial length variation and its clinical significance. Dr. Andrews Kakkanatt and Dr. Ranjith S. also gave their comments and opinion during the discussion session.



# ആയുർവ്വേദ ഡോക്ടറുടെ മാന്ത്രിക കരങ്ങൾ

ആയുർവേദ ചികിത്സയിലൂടെ ലഭിച്ച രോഗസൗഖ്യത്തിന്റെ ഒരു അനുഭവ സാക്ഷ്യമാണ് ഞാനിവിടെ എഴുതുന്നത്. കോവിഡ് വാക്സിൻ എടുത്തതിനെ തുടർന്ന് എന്റെ ഭാര്യയ്ക്ക് വാക്സിൻ എടുത്ത സ്പോട്ടിൽ നല്ല വേദനയും വീക്കവും ഉണ്ടായിരുന്നു. രണ്ടു വർഷം കഴിഞ്ഞിട്ടും ഈ വേദനയും വീക്കവും മാറാതെ


Together,
We are the
Patient Experience !


അധികരിക്കുകയും കയ്യിന്റെ സ്വതന്ത്രമായ ചലനം അസാധ്യമാകുകയും ചെയ്തു. രാത്രികാലങ്ങളിൽ വേദന കൊണ്ട് ഉറങ്ങാൻ പറ്റാത്ത അവസ്ഥയിൽ പോലുമെത്തി. പല ഡോക്ടർമാരെയും മാറിമാറികണ്ടു, ഫിസിയോ തെറാപ്പി നടത്തിനോക്കി. പല മരുന്നുകളും കഴിച്ചു. താൽകാലികമായി അല്പം ശമിച്ചെങ്കിലും ഈ വേദന തുടർന്നുകൊണ്ടിരുന്നു. അവസാനം എന്റെ ഒരു സുഹൃത്തിന്റെ നിർദ്ദേശപ്രകാരമാണ് ഞാൻ ജൂബിലിയിലെ ആയുർവേദ വിഭാഗത്തിലെ ഡോ. ഹാർവിനെ കാണുന്നത്.

നാല് ആഴ്ച ചിട്ടയായി ഡോക്ടർ നിർദ്ദേശിച്ച പ്രകാരം മരുന്ന് കഴിക്കുകയും, ആയുർവേദവിധി പ്രകാരമുള്ള ഒരാഴ്ചത്തെ കിഴി ചികിത്സയും ചെയ്തുകഴിഞ്ഞപ്പോൾ രണ്ട് വർഷമായി കൊണ്ടുനടന്ന വേദന പൂർണ്ണമായി വിട്ടുമാറുകയും കയ്യിന്റെ ചലനം ഒരു പരിധിവരെ പൂർവ്വസ്ഥിതിയിലാവുകയും ചെയ്തു.

ഡോക്ടറുടെ മാന്ത്രിക കരങ്ങളെക്കുറിച്ച് ഇവിടെ പറയാതിരിക്കാൻ വയ്യ. എന്റെ കഴുത്തിന് 30 വർഷങ്ങളായി കലശലായ വേദനയും സ്വതന്ത്രമായി തിരിക്കാൻ പറ്റാത്ത അവസ്ഥയിലുമായിരുന്നു. ഡോക്ടറോട് ഈ വിവരം പറഞ്ഞപ്പോൾ കഴുത്തിലെ ഞരമ്പുകളിൽ വിരലോടിച്ച് അത്ഭുതകരമായി ശരിയാക്കി. ഇപ്പോൾ എനിക്ക് വേദനയോ, കഴപ്പോ ഒന്നുമില്ല. കഴുത്ത് സ്വതന്ത്രമായി ചലിപ്പിക്കാൻ സാധിക്കുന്നുണ്ട്.

ജൂബിലി ആയുർവേദ ഹോസ്പിറ്റൽ രോഗികൾക്ക് ആശ്വാസമാകട്ടെ. ഡോ. ഹാർവിനെ പോലുള്ള ഡോക്ടർമാർ ഈ സ്ഥാപനത്തിലെത്തുന്ന രോഗികൾക്ക് സൗഖ്യം പകരട്ടെ.

പോളി

# സ്വാഗതം... സുസ്വാഗതം...



ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി (മെഡിക്കൽ എഡ്യൂക്കേഷൻ & സർവീസസ്) ചാർജെടുത്ത ഫാ. പോൾ ചാലിശ്ശേരിയ്ക്ക് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.

# യാത്രാമംഗളങ്ങൾ.....



18 വർഷത്തോളം ഹൗസ് കീപ്പിങ്ങ് വിഭാഗത്തിൽ നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച് റിട്ടയർ ചെയ്ത അൽഫോൺസാ റാഫിക്ക് ജൂബിലി കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.




# The Resurgence of Plumbism

Lead is a ubiquitous toxicant mostly emitted from environmental and industrial sources. It causes multiple adverse effects following acute or chronic exposure. Sometimes the sources of heavy metal exposure are unanticipated. Acute lead poisoning, also known as plumbism, following ingestion of herbal supplements is on the rise.

In our institution, during a span of 8 months (January 2023 to August 2023), we were able to identify three cases of acute lead poisoning presenting with hematological manifestations following ingestion of herbal supplements for various disease conditions. Here, I detail the whole investigation of the first case discovered at our institution this year.

## AN ACCOUNT OF THE EVENTS

A 58-year-old nun hailing from urban Thrissur presented with generalized tiredness, dizziness, decreased sleep & food intake and abdominal discomfort of 2 weeks duration. She is a known case of diabetes, hypertension, and hypothyroidism, receiving consistent allopathic treatment. She had been taking oral hypoglycemic agents (OHAs) for her diabetes for a year until she transitioned to a self-prescribed herbal supplement for the past one and a half months. This change in medication was prompted by her frequent exposure to social media advertisements promoting the supplement.



On examination pallor was present. Systemic examination was within normal limits. Her hemogram showed decreased haemoglobin of 7.5 g/dl, increased reticulocyte count of 7.94%, mildly increased total bilirubin level of 1.91 mg/dl(direct 0.38mg/dl) and mildly elevated liver enzymes. Her iron studies showed mildly elevated serum iron, normal ferritin and decreased TIBC.

The sample for peripheral blood smear was sent to Pathology department which showed many RBCs with coarse basophilic stippling and features of mild haemolysis (normoblasts, polychromasia and indirect hyperbilirubinemia).The presence of coarse basophilic stippling is historically associated with



lead poisoning. Meanwhile the bone marrow aspiration showed features of dyserythropoeisis, frequent ring sideroblasts and increased marrow iron stores(Perls Prussian Blue stain).Correlating with all the above hematological findings the possibility of lead poisoning was raised.

Patient's blood lead level was estimated (by Atomic Absorption Spectrometry in an outside lab) and found to be121.20ug/dl(normal <25ug/dl). Levels above 100ug/dl is considered to be toxic .Thus the suspicion of lead poisoning was confirmed. At this stage the task was to identify the source of lead exposure. On exploring the contents of her self-prescribed supplement, it was noticed that heavy metals were part of some of the ingredients. So she was instructed not to take the supplement further. She was referred to another centre for chelation therapy and was treated with the D-pencillamine and BAL. Two weeks post therapy her blood lead level came down significantly and peripheral smear showed only mild normocytic normochromic anaemia.

Finally, we didn't stop there, the herbal capsules were send to Drug Testing Laboratory at Trivandrum and heavy metal analysis was done there which showed markedly high lead levels of 40000ppm (permissible limit:10ppm) (courtesy Dr.A.M Rafi)

Thus lead poisoning due to consumption of herbal supplement was confirmed and proved.

On follow up, the patient is doing well.




## MESSAGE FOR ALL

- In India lead poisoning due to Indegenous drugs is on the rise.
- In 1970's if it was lead pipes and lead paints, in 2020’s it is Indegenous drugs.
- Consumption of self-prescribed medicines can result in acute lead toxicity.
- Drug history is important and mandatorily be recorded in all patients including children.
- Simple peripheral blood smear examination can give a clue to the diagnosis by identification of basophilic stippling (note: basophilic stippling is not specific to lead poisoning).
- Lead toxicity can not only present with moderate to severe anaemia but also as mild to moderate haemolytic anaemia with persistent reticulocytosis.

**Dr. Rohini Sebastian**
Assistant Professor, Pathology



# ഗാന്ധി സ്വാധീനം അന്നും ഇന്നും

ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ഇന്ത്യൻ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ ഇന്ത്യയിലെ ഏറ്റവും പ്രമുഖനും സ്വാധീനമുള്ളതുമായ നേതാവും നമ്മുടെ രാഷ്ട്രപിതാവുമായ മഹാത്മാഗാന്ധിയുടെ ജന്മദിനം നാം ഒക്ടോബർ 2 ന് ആഘോഷിക്കുന്നു.

1869 ഒക്ടോബർ 2 ന് മോഹൻദാസ് കരംചന്ദ് ഗാന്ധിയായി ജനിച്ച മഹാത്മാഗാന്ധി, സ്വാതന്ത്ര്യ സമരത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചു. ‘സത്യാഗ്രഹം‘ എന്നറിയപ്പെടുന്ന അഹിംസയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ തത്ത്വചിന്ത, സമാധാനപരമായ മാർഗങ്ങളിലൂടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ ചേരാൻ ദശലക്ഷക്കണക്കിന് ആളുകളെ പ്രചോദിപ്പിച്ചു.

ഗാന്ധി ജയന്തി ദിനത്തിൽ, മഹാത്മാഗാന്ധിയുടെ ജീവിതത്തെയും തത്വങ്ങളെയും ആദരിക്കുന്നതിനായി ഇന്ത്യയിലുടനീളം വിവിധ പരിപാടികളും പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. പ്രാർത്ഥനാ ശുശ്രൂഷകൾ, ചടങ്ങുകൾ, സെമിനാറുകൾ, സാംസ്കാരിക പരി



പാടികൾ, അഹിംസ, സത്യം, ലാളിത്യം തുടങ്ങിയ ഗാന്ധിയുടെ പഠിപ്പിക്കലുകളുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. സമാധാനവും സാമൂഹിക ഐക്യവും പ്രോത്സാഹിപ്പിക്കുന്നതിനായി ആളുകൾ പലപ്പോഴും മാർച്ചുകളിലോ റാലികളിലോ പങ്കെടുക്കുന്നു, ചിലർ കമ്മ്യൂണിറ്റി സേവനത്തിലോ സന്നദ്ധപ്രവർത്തനത്തിലോ ഏർപ്പെടുന്നു.

ഗാന്ധി ജയന്തിയുമായി ബന്ധപ്പെട്ട ഏറ്റവും പ്രതീകാത്മകമായ ചിഹ്നങ്ങളിലൊന്നാണ് സ്പിന്നിംഗ് വീൽ അല്ലെങ്കിൽ ചർക്ക, അത് ഗാന്ധിയുടെ സ്വാശ്രയത്വത്തിന്റെയും സ്വയംപര്യാപ്തതയുടെയും പ്രതീകങ്ങളിലൊന്നായിരുന്നു. കൂടാതെ, ഈ ദിവസം ആദരാഞ്ജലികൾ അർപ്പിക്കാൻ ആളുകൾ ഡൽഹിയിലെ രാജ് ഘട്ടിലെ ഗാന്ധിയുടെ സ്മാരകം സന്ദർശിക്കുന്നത് ഒരു സാധാരണ സമ്പ്രദായമാണ്.

ഗാന്ധിജയന്തി ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് മഹാത്മാഗാന്ധിയുടെ സംഭാവനകളെ സ്മരിക്കാനുള്ള ഒരു ദിവസം മാത്രമല്ല, ലോകമെമ്പാടുമുള്ള ആളുകളെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ സത്യം, അഹിംസ, സാമൂഹിക നീതി എന്നിവയുടെ തത്വങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള അവസരവും കൂടിയാണ്.

**നിർമ്മല ജോർജ്ജ്**
സെൻട്രൽ ലൈബ്രറി

# National Nutrition Week 2023



# ആരോഗ്യമുള്ള ശരീരത്തിന് ആരോഗ്യകരമായ ഭക്ഷണം

## (HEALTHY AFFORDABLE DIET FOR ALL)

"എല്ലാവർക്കും സുതാര്യവും ആരോഗ്യകരവുമായ ഭക്ഷണക്രമം" എന്ന പ്രമേയമാണ് ഈ വർഷത്തെ പോഷകാഹാര വാരം മുന്നോട്ട് വച്ചിരിക്കുന്നത്. സെപ്റ്റംബർ ഒന്ന് മുതൽ എട്ട് വരെയാണ് ദേശീയ പോഷകാഹാര വാരം (National Nutrition Week) ആയി ആചരിക്കുന്നത്. എല്ലാവർക്കും പോഷകാഹാരം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുക, പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നൽകുക എന്നതായിരുന്നു ഈ വാരത്തിന്റെ സവിശേഷതകൾ.

ഏറ്റവും കൂടുതൽ പോഷകാഹാര കുറവ് കാണുന്നത് കുട്ടികളിലും ഗർഭിണികളായ സ്ത്രീകളിലും ആണ്. ഗർഭാവസ്ഥയിൽ ഫോളേറ്റ് അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് ഗർഭസ്ഥ ശിശുവിന്റെ വളർച്ചയെ പിന്തുണയ്ക്കുന്നു. ഓറഞ്ച്, അവോക്കാഡോ, ഇലക്കറികൾ, മുട്ട എന്നിവ ഫോളേറ്റിന്റെ മികച്ച ഉറവിടങ്ങൾ ആണ്. കുഞ്ഞിന്റെ എല്ലുകളുടെയും പല്ലുകളുടെയും വളർച്ചയ്ക്ക്



ഗർഭകാലത്ത് കാത്സ്യം അത്യാവശ്യമാണ്. ഇത് ഉയർന്ന രക്ത സമ്മർദ്ദത്തിന്റെ സാധ്യത കുറയ്ക്കുകയും ആരോഗ്യകരമായ മസ്തിഷ്ക വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ആവശ്യത്തിന് കാത്സ്യം ലഭിക്കാൻ നിങ്ങളുടെ ഭക്ഷണത്തിൽ ഇലക്കറികൾ, ചെറുമത്സ്യങ്ങൾ, പാൽ, പാലുൽപന്നങ്ങൾ ഇവ ചേർക്കുക. ഗർഭകാലത്ത് ഇരുമ്പിന്റെ കുറവ് സാധാരണമാണ്. ചുവന്ന രക്താണുക്കൾ നിലനിർത്താൻ ഇരുമ്പ് ആവശ്യമാണ്. ഇത് കുഞ്ഞിന്റെ വളർച്ചയ്ക്കും അമ്മയുടെ പ്ലാസന്റ പ്രവർത്ത നത്തിനും അത്യന്താപേഷിതമാണ്. ചുവന്ന മാംസം, പഴവർ ഗ്ഗങ്ങൾ, സസ്യാഹാരങ്ങൾ എന്നിവയിൽ ഇരുമ്പ് ധാരാളമായി അടങ്ങിയിരിക്കുന്നു. വിറ്റമിൻ 'എ' കുഞ്ഞിന്റെ ചർമ്മം, കാഴ്ചശക്തി, കുഞ്ഞിന്റെ എല്ലുകളുടെ രൂപീകരണം എന്നിവയെ മികച്ചതാക്കുകയും അമ്മയുടെയും കുഞ്ഞിന്റെയും പ്രതിരോധ സംവിധാനങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ക്യാരറ്റ്, മുട്ട, തൈര്, മധുര കിഴങ്ങ് എന്നിവ വിറ്റാമിൻ എ യുടെ മികച്ച സ്രോതസ്സുകളാണ്.

ഗർഭിണികളിലെപോലെതന്നെ പോഷകാഹാരക്കുറവ് കൂടുതലായി കാണുന്നത് കുട്ടികളിലാണ്. കുട്ടികളുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ആരോഗ്യകരമായ ജീവിതശൈലിയും ശരിയായ പോഷകസമൃദ്ധമായ ഭക്ഷണക്രമവും ഉറപ്പാക്കേണ്ടത് അത്യന്താപേഷിതമാണ്. ഭക്ഷണസമയത്തിന് മുൻഗണന നൽകി കുട്ടികളോടൊപ്പം ഭക്ഷണം കഴിക്കാൻ ശ്രമിക്കുക. വ്യായാമം, ഔട്ട്ഡോർ സ്പോർട്സ്, ശാരീരിക പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക. വീട്ടിലെ ഭക്ഷണങ്ങൾ കഴിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ജങ്ക് ഫുഡ്സ് ഒഴിവാക്കുകയും ചെയ്യുക. ദിവസവും ധാരാളം വെള്ളം കുടിക്കുന്നത് മികച്ച ആരോഗ്യശീലത്തിന് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

**ഡിപ്പാർട്ട്മെന്റ് ഓഫ് ഡയറ്ററി & ന്യൂട്രീഷൻ**




# ജൂബിലി വെൽഫെയർ സ്റ്റോർ






ജൂബിലി വെൽഫെയർ സ്റ്റോർ ഇന്ന് അതിന്റെ വിജയകരമായ രണ്ടു വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. ജൂബിലി ട്രസ്റ്റിന്റെ കീഴിലുള്ള ജൂബിലി വെൽഫെയർ സ്റ്റോർ 2021 ഓഗസ്റ്റ് 14-ാം തിയ്യതിയാണ് പ്രവർത്തനം ആരംഭിച്ചത്. രോഗികൾക്കും ജീവനക്കാർക്കും അവശ്യസാധനങ്ങൾ ഒരു കുടക്കീഴിൽ എത്തിക്കുക എന്ന ആശയത്തിൽ നിന്നാണ് ജൂബിലി വെൽഫെയർ സ്റ്റോറിന്റെ ഉത്ഭവം. നിത്യോപയോഗസാധനങ്ങൾ, തുണിത്തരങ്ങൾ, സോഫ്റ്റ് ബിവറേജസ്, ഡ്രൈ ഫ്രൂട്ട്സ്, നട്സ്, കോസ്മെറ്റിക്സ്, സ്റ്റേഷനറി ഐറ്റംസ്, ന്യൂബോൺ ഐറ്റംസ്, ചിപ്പ്സ്, ഫ്രഷ് ഫ്രൂട്ട്സ് എന്നിങ്ങനെയുള്ള എല്ലാ ഉൽപന്നങ്ങളും ഇവിടെ മിതമായ നിരക്കിൽ ലഭ്യമാണ്. എം. ആർ. പി. യേക്കാൾ കുറഞ്ഞ തുകയ്ക്കാണ് ഇവിടെ സാധനങ്ങൾ ലഭ്യമാക്കുന്നത്. ക്രെഡിറ്റ് അടിസ്ഥാനത്തിൽ ജീവനക്കാർക്ക് അവശ്യസാധനങ്ങൾ പർച്ചേസ് ചെയ്യാനുള്ള അവസരവും ജൂബിലി മിഷൻ ഹോസ്പിറ്റൽ ജീവനക്കാർക്കായി ഒരുക്കിയിരിക്കുന്നു.

ഓർഡറുകൾക്കും അന്വേഷണങ്ങൾക്കും 7510766582 എന്ന നമ്പറിൽ വാട്ട്സ്ആപ്പ് / കോൾ ചെയ്യാവുന്നതാണ്.

**പ്രവർത്തന സമയം :** **7.15 am to 7.30 pm**
**Sunday - 9.00 am to 4.00 pm**



# കൊന്തയും കൊന്തമാസവും

ജപമാല ഒരു വജ്രായുധമാണ്. അമ്മയിലൂടെ മകനിലേക്ക് എന്നാണ് പാരമ്പര്യം. കാനായിലെ കല്യാണത്തിൽ ആദ്യ അത്ഭുതം പ്രവർത്തിച്ചതു തന്നെ മാതാവിന്റെ ആഗ്രഹപ്രകാരമായിരുന്നു. നമ്മുടെ ആവശ്യങ്ങൾ ഈശോയുടെ അടുത്തെത്തിക്കാൻ മാതാവിനെക്കാൾ വേഗത്തിൽ ആർക്കു കഴിയും? ഫ്രാൻസിലെ പ്രൗവിൽ എന്ന സ്ഥലത്ത് 1214ൽ വിശുദ്ധ ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് മാതാവ് വെളിപ്പെടുത്തിയതാണിത്. കൊന്ത ചൊല്ലി പ്രാർത്ഥിക്കാൻ നിരവധി പേരോട് പരിശുദ്ധ അമ്മ നിർദേശിച്ചതായി ചരിത്രം പറയുന്നുണ്ട്.

കൊന്തയിൽ പരമ്പരാഗതമായി ചൊല്ലാറുള്ള 15 'രഹസ്യങ്ങൾ' ദീർഘകാലത്തെ പതിവിനെ അടിസ്ഥാനമാക്കി 16ആം നൂറ്റാണ്ടിൽ പീയൂസ് അഞ്ചാമൻ മാർപ്പാപ്പ ക്രമപ്പെടുത്തിയവയാണ്. 2002ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പ്രകാശത്തിന്റെ രഹസ്യങ്ങൾ എന്ന പേരിൽ ഒരു ഗണം കൂട്ടിച്ചേർത്തതോടെ, മൊത്തം രഹസ്യങ്ങളുടെ എണ്ണം 20 ആയി. ഈ ഇരുപതു രഹസ്യങ്ങളും വായിച്ചു, ധ്യാനിച്ചു ചൊല്ലുമ്പോൾ നാം യേശുവിന്റെ, ജനനം, ആദ്യകാല ജീവിതം, പരസ്യ ജീവിതം, പീഡാനുഭവം, ഉത്ഥാനം എന്നിവയിലൂടെ തീർത്ഥാടനം നടത്തുന്നു. ഇതു ഭക്തി പ്രകടന മെങ്കിൽ ഇതിലും വലിയ ആദരവ് വേറെ ഏതാണുള്ളത്.

ഒക്ടോബർ 7-ാം തീയതിയാണ് ജപമാലരാജ്ഞിയുടെ തിരു നാൾ സഭയിൽ ആഘോഷിക്കുന്നത്. ഈ കൊന്തമാസത്തിൽ ധാരാളം ജപമാലകൾ ചൊല്ലി പരിശുദ്ധ അമ്മ വഴി ഈശോ യിൽനിന്ന് ഒത്തിരി അനുഗ്രഹങ്ങൾ നമുക്ക് നേടിയെടുക്കാം. ഈ ഒക്ടോബർ മാസത്തിൽ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലും ധാരാളം അത്ഭുതങ്ങൾ സംഭവിക്കട്ടെ. നമ്മുടെ കുടുംബത്തിനും ദേശത്തിനും ലോകം മുഴുവനു വേണ്ടിയും നമുക്ക് ജപമാല ചൊല്ലി പ്രാർത്ഥിക്കാം. അമ്മയുടെ വലിയ ഇടപെടൽ നമ്മുടെ ജീവിതത്തിൽ സമൃദ്ധമായി ഉണ്ടാകട്ടെ, സംഭവിക്കട്ടെ! ഈ മാസത്തിൽ ധാരാളം അത്ഭുതങ്ങൾ, കാണാനും കേൾക്കാനും ഇടവരട്ടെ.

**റിസർച്ച് വിഭാഗം**



# സന്ധിരോഗങ്ങൾ - കുട്ടികളിൽ

**ഒക്ടോബർ 12 – ലോക ആർത്രൈറ്റിസ് ദിനം**

നമ്മുടെ ശരീരത്തിലെ രോഗപ്രതിരോധപ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന തകരാറു മൂലം കണ്ടുവരുന്ന ഒരു ഓട്ടോ ഇമ്മ്യൂണോ രോഗമാണ് റൂമറ്റോയ്ഡ് ആർത്രൈറ്റിസ്. രോഗപ്രതിരോധശേഷിയുടെ സംവിധാനത്തിൽ വരുന്ന വ്യത്യാസങ്ങൾ കൊണ്ട് ഉണ്ടായേക്കാവുന്ന ആർത്രൈറ്റിസ് ഏതു പ്രായക്കാരെയും എപ്പോൾ വേണമെങ്കിലും ബാധിക്കാം. സാധാരണയായി കുട്ടികളിൽ കാണപ്പെടുന്നത് ജൂവനൈൽ റൂമറ്റോയ്ഡ് ആർത്രൈറ്റിസാണ്. വാതരോഗമെന്നാൽ നമ്മുടെ മനസ്സിലേക്ക് പെട്ടെന്നു വരുന്ന ഒരു ദൃശ്യം, പ്രായമായ ഒരാൾ മുട്ടുവേദനയോ നടുവേദനയോ മൂലം നടക്കാൻ വയ്യാതെ ബുദ്ധിമുട്ടുന്നതാണ്. എന്നാൽ പ്രായമായവരിൽ മാത്രമല്ല കുട്ടികളിലും ഇത് കണ്ടുവരുന്നു. നേരത്തെ രോഗം തിരിച്ചറിഞ്ഞാൽ ഈ അവസ്ഥയെ ഫലപ്രദമായി നിയന്ത്രിക്കാനും പിന്നീടുണ്ടായേക്കാവുന്ന ഗുരുതരമായ സങ്കീർണതകളെ തടയാനും സാധിക്കും.

**രോഗലക്ഷണങ്ങൾ**

സന്ധികളിലെ നീർക്കെട്ടും വേദനയും പ്രധാന ലക്ഷണമായി കാണുമെങ്കിലും ചർമ്മം, കണ്ണുകൾ, ശ്വാസകോശം, ഹൃദയം, രക്തധമനികൾ എന്നിവയ്ക്കെല്ലാം നാശം വരുത്താൻ ഈ രോഗത്തിനാകും. രാവിലെ ഉണരുമ്പോൾ സന്ധികൾക്ക് ഉണ്ടാകുന്ന ശക്തമായ

വേദന, കടുത്ത ക്ഷീണവും തളർച്ചയും, പേശീവേദനയോടുകൂടിയ ബലക്ഷയം എന്നിവ ചലനത്തിനു പ്രയാസം സൃഷ്ടിക്കുന്നു. ഇതുമൂലം കുനിയാനും നടക്കാനും കളിക്കാനും പ്രയാസമാകും. ഇടവിട്ടുള്ള പനി അല്ലെങ്കിൽ വിട്ടുമാറാത്ത പനി, വായ്പ്പുണ്ണ്, തൊലിപ്പുറമെയുള്ള തിണർപ്പ് അഥവാ റാഷസ് എന്നിവയാണ് സാധാരണയായി കാണപ്പെടുന്ന ലക്ഷണങ്ങൾ.

**രോഗനിർണ്ണയം എപ്രകാരം?**

നേരത്തെ രോഗം തിരിച്ചറിഞ്ഞാൽ സന്ധികൾക്കുണ്ടാകുന്ന ഉപദ്രവങ്ങൾ തടയാനും കുറയ്ക്കാനും സാധിക്കും. അതുവഴി സാധാരണ ജീവിതം നയിക്കാനുമാകും. ലക്ഷണങ്ങൾ മനസ്സിലാക്കി ഇ. എസ്. ആർ. (ESR), സി. ആർ. പി. (CRP), റുമറ്റോയ്ഡ് ഫാക്ടർ, ആന്റി സി. സി. പി. (Anti CCP) എന്നീ രക്തപരിശോധനകളും ഇവയ്ക്കു പുറമെ ചില പ്രത്യേക ടെസ്റ്റുകളും നടത്തിയാണ് രോഗനിർണയത്തിലേക്ക് എത്തിച്ചേരുന്നത്. രോഗത്തിന്റെ തീവ്രത മനസ്സിലാക്കാനും ഇത് മൂലം കഴിയും.

**പ്രതിരോധം തീർക്കാൻ ആയുർവേദം**

ആയുർവേദം എന്നത് മലയാളികളുടെ മനസ്സിൽ സുവർണ്ണലിപികളാൽ ആലേഖനം ചെയ്യപ്പെട്ട പദമാണ്. ആരോഗ്യം നിലനിർത്തുന്നതിനും രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനും ആയുർവേദം നൽകുന്ന പ്രാധാന്യം വളരെ വലുതാണ്. രോഗപ്രതിരോധത്തിൽ പഞ്ചകർമ്മ ചികിത്സകൾക്കും ആയുർവേദ ഔഷധങ്ങൾക്കും ഏറെ പ്രസക്തിയുണ്ട്.



വേദനക്ക് പുറമെ സന്ധികൾക്കുണ്ടാകുന്ന മറ്റ് ഉപദ്രവവ്യാധികളിൽനിന്ന് സംരക്ഷിക്കുവാനും ആയുർവേദ മരുന്നുകൾക്ക് സാധിക്കുന്നുണ്ട്. കുട്ടികൾക്ക് പ്രത്യേകമായി അരിഷ്ടങ്ങളും ഗുളികകളും ചൂർണ്ണവും ലഭ്യമാണ്. സന്ധിവേദനകൾ വളരെ അധികമായിരിക്കുന്നപക്ഷം കിടത്തി ചികിത്സ അനിവാര്യം. അസുഖാവസ്ഥ അനുസരിച്ച് ചികിത്സകളിൽ മാറ്റം ഉണ്ടാകും.

**ആഹാരം എന്നാൽ ഔഷധം**

മരുന്നുകൾ പോലെ പ്രധാനമാണ് പഥ്യാഹാരം. ആഹാരത്തെക്കാൾ മികച്ച ഔഷധമില്ല. കുട്ടികൾ പഥ്യം കൃത്യമായി പാലിക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തണം. ലഘുവായതും ദഹനശേഷി വർധിപ്പിക്കുന്നതിനും അനുയോജ്യവുമായ ആഹാരങ്ങൾ വൈദ്യനിർദ്ദേശപ്രകാരം, അവസ്ഥാനുസരണം രോഗപ്രതിരോധശേഷി വർധിപ്പിക്കാൻ ഉപയോഗിക്കാവുന്നതാണ്. ആയുർവേദത്തിലെ അഷ്ടാംഗങ്ങളിൽ ഒന്നായ രസായനചികിത്സ രോഗപ്രതിരോധശേഷി വർധിപ്പിച്ച് ആയുസ്സു പ്രദാനം ചെയ്യുന്നു.



ജീവിത ദൈർഘ്യം കൂടുകയും രോഗങ്ങൾ വർധിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ സാന്ത്വനപരിചരണത്തിന്റെ ആവശ്യം ഏറിവരികയാണ്. പരമ്പരാഗത വൈദ്യശാസ്ത്രവും സംയോജിപ്പിച്ചുള്ള ബഹുമുഖ സമീപനം അനുദിനം വളരുകയാണ്. ഇത് പാർശ്വഫലങ്ങൾ കുറയ്ക്കാനും ഫലപ്രാപ്തി വർദ്ധിപ്പിക്കാനും മാരകരോഗങ്ങളെ പ്രതിരോധിക്കാനും സഹായിക്കുന്നു.

**ഡോ. സന്ദേശ് ജോഷി**
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ
& റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board

Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul


സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ.
അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ.
ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ
കൊണ്ടുള്ള കിരീടം. [യോഹ12:1]
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE